YEARS OF CELEBRATING THE MAHATMA

Break the chain

<u>വനിത ശിശുവികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>

(ഹാജർ: ശ്രീമതി.പ്രിയങ്ക.ജി.IAS )

ഉത്തരവ് നം. DWCD/323/2022-ICDS A7

തിരുവനന്തപുരം,
തീയതി. 25-09-2022

---

വിഷയം: വനിതശിശുവികസനവകുപ്പ്- അങ്കണവാടി കെട്ടിട നിർമ്മാണം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുമായി (MGNREGS) ചേർന്ന് അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : 1 ) കേന്ദ്ര സർക്കാരിൻറെ 31/05/2016,10/08/2016 ,29/03/2017 തീയതികളിലെ F.No.CD-14/102/2015/CD-II നമ്പർ കത്ത്

2)സ.ഉ.(സാധാ)നം.330/2021/സാനീവ തീയതി 19/05/2021

3)ഈ കാര്യാലയത്തിലെ 03/09/2021 തീയതിയിലെ ഐസിഡിഎസ്സ്/എ7-5914/21 നമ്പർ ഉത്തരവ്

4)കൊല്ലം പ്രോഗ്രാം ആഫീസറുടെ 24/06/2022 തീയതിയിലെ ബി/342/2021 നമ്പർ കത്ത്

5)തൃശ്ശൂർ പ്രോഗ്രാം ആഫീസറുടെ 13/07/2022 തീയതിയിലെ PO/TSR/D-860/18 നമ്പർ കത്ത്

6)കോട്ടയം പ്രോഗ്രാം ആഫീസറുടെ 19/07/2022 തീയതിയിലെ പികെ/1460/2022 നമ്പർ കത്ത്

7) മലപ്പുറം പ്രോഗ്രാം ആഫീസറുടെ 13/06/2022 തീയതികളിലെ ബി-343/2021 നമ്പർ കത്ത്

വനിതശിശുവികസന വകുപ്പിന് കീഴിലുള്ള 923 അങ്കണവാടികൾക്ക് MGNREGS പദ്ധതി പ്രകാരം അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 2016-17 സാമ്പത്തിക വർഷം സൂചന (1) പ്രകാരം കേന്ദ്ര ഗവൺമെൻറ് അനുമതി നൽകിയിരുന്നു. ടി പദ്ധതി പ്രകാരം ഒരു അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് MGNREGS മിഷൻ വിഹിതമായി 5 ലക്ഷം രൂപയും, കേന്ദ്ര സംസ്ഥാന സർക്കാർ വിഹിതമായി 2 ലക്ഷം രൂപ 60:40 എന്ന അനുപാതത്തിലും ബാക്കി ആവശ്യമായ തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വഹിക്കണമെന്ന്

വ്യവസ്ഥ ചെയ്യുന്നു.

MGNREGS പദ്ധതി പ്രകാരം അങ്കണവാടി കെട്ടിട നിർമ്മാണത്തിന്റെ ഫണ്ട് വിനിയോഗിക്കുന്നത് MGNREGS മിഷൻ ഡയറക്ടർ മുഖേനയാണ്. വിവിധ ഘട്ടങ്ങളിലായി 720 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഈ കാര്യാലയത്തിൽ നിന്നും അനുമതി നൽകിയിട്ടുണ്ട്.

കേന്ദ്ര സർക്കാർ നിർമ്മാണാനുമതി നൽകിയ 923 അങ്കണവാടികളിൽ നിർമ്മാണത്തിന് അവശേഷിക്കുന്ന 203 അങ്കണവാടികളുടെ കേന്ദ്രസംസ്ഥാന വിഹിതമായ 406 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷം നിർവ്വഹണ ഏജൻസിയായ MGNREGS മിഷൻ ഡയറക്ടറുടെ T S B അക്കൗണ്ട് നം 799011400000486 ൽ നിക്ഷേപിക്കുന്നതിനും 203 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും പരാമർശം (2) പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി തുക MGNREGS മിഷൻ ഡയറക്ടറുടെ T S B അക്കൗണ്ട് നം 799011400000486 ൽ പരാമർശം (3) പ്രകാരം നിക്ഷേപിച്ചിട്ടുണ്ട്. 203 അങ്കണവാടികളിൽ 92 അങ്കണവാടികൾക്ക് നാളിതുവരെ നിർമ്മാണാനുമതി നൽകിയിട്ടുണ്ട്.

MGNREGS പദ്ധതി പ്രകാരം 8 അങ്കണവാടികൾക്ക് കെട്ടിടനിർമ്മാണാനുമതി ആവശ്യപ്പെട്ട് കൊല്ലം,തൃശ്ശൂർ,കോട്ടയം,മലപ്പുറം പ്രോഗ്രാം ആഫീസർമാർ പരാമർശം (4), (5), (6), (7) പ്രകാരം പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട് . ഈ സാഹചര്യത്തിൽ അനുബന്ധമായി ചേർത്തിട്ടുള്ള 8 അങ്കണവാടികൾക്ക് MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർ മ്മിക്കുന്നതിനും MGNREGS മിഷൻ ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ള 406 ലക്ഷം രൂപയിൽ നിന്നും വകുപ്പ് വിഹിതമായി കെട്ടിടം ഒന്നിന് 2,00,000/- ( രണ്ട് ലക്ഷം രൂപ മാത്രം ) നിരക്കിൽ ആകെ 16,00,000/- ( പതിനാറ് ലക്ഷം രൂപ മാത്രം) ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ടി തുക ഉപയോഗിച്ച് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സത്വരനടപടികൾ സ്വീകരിക്കേണ്ടതും

ബന്ധപ്പെട്ട സിഡിപിഒമാർ നിർമ്മാണ പുരോഗതി വിലയിരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്

മിഷൻ ഡയറക്ടർ
MGNREGS
തിരുവനന്തപുരം

(ഒപ്പ്)
വനിതശിശുവികസന ഡയറക്ടർ

പകർപ്പ് :

1. പ്രോഗ്രാം ആഫീസർ (കൊല്ലം,കോട്ടയം,തൃശ്ശൂർ,മലപ്പുറം)
2. ബന്ധപ്പെട്ട സിഡിപിഒമാർക്ക്
3. സ്റ്റോക്ക് ഫയൽ/സ്പെയർ

Signed by Priyanka G
Date: 25-09-2022 20:46:19

<u>അനുബന്ധം</u>

MGNREGS പദ്ധതി പ്രകാരം നിർമ്മാണാനുമതി നൽകുന്ന 8 അങ്കണവാടികളുടെ ലിസ്റ്റ്

ഉത്തരവ് നം DWCD/323/2022-ICDS A7 dt.

| ക്രമ നം | ജില്ല | ഐസിഡിഎസ്സ് പ്രോജക്ട് | പഞ്ചായത്ത് | സെന്റർ നം |
|---|---|---|---|---|
| 1 | മലപ്പുറം | കുറ്റിപ്പുറം അഡീഷണൽ | കൽപ്പകഞ്ചേരി | 115 |
| 2 | കൊല്ലം | മുഖത്തല | മയ്യനാട് | 32 |
| 3 | കൊല്ലം | മുഖത്തല | മയ്യനാട് | 38 |
| 4 | കൊല്ലം | മുഖത്തല | മയ്യനാട് | 36 |
| 5 | കൊല്ലം | മുഖത്തല അഡീഷണൽ | കൊറ്റങ്കര | 52 |
| 6 | കൊല്ലം | ശാസ്താംകോട്ട അഡീഷണൽ | ശാസ്താംകോട്ട | 1 |
| 7 | തൃശ്ശൂർ | വടക്കാഞ്ചേരി | ദേശമംഗലം | 63 |
| 8 | കോട്ടയം | പാമ്പാടി | കൂരോപ്പട | 59 |

igned by Priyanka G
ate: 25-09-2022 20:47:32